"ഭരണഭാഷ - മാതൃഭാഷ"

**നം. ഡി6/9260/2022/ഡി.ജി.ഇ.**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
തിരുവനന്തപുരം, തീയതി: 02/07/2022.
ഫോൺ നമ്പർ - 0471-2580512
ഇ-മെയിൽ - supdtd.dge@kerala.gov.in

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - അഡ്-ഹോക്ക് ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മറ്റി (ഹയർ) - 2022 കൂടുന്നതിലേയ്ക്ക് - കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:
1) 14/03/2007 തീയതിയിലെ സർക്കാർ സർക്കുലർ നമ്പർ 11919/ ആർ1/06/പി&എ.ആർ.ഡി. തിരുവനന്തപുരം.
2) 02/11/2011 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നമ്പർ ഡി6/67315/ഡിപിഐ.
3) 26/11/2021, 10/02/2022 എന്നീ തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി6/11179/2021/ഡിജിഇ നമ്പർ സർക്കുലർ.

*********

2022 കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന വിവിധ തസ്തികകളിലേക്ക് ഉണ്ടാകാവുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി സൂചന (3) പ്രകാരം സർക്കുലറുകൾ പുറപ്പെടുവിക്കുകയും 14/03/2022 ൽ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി കൂടുകയും സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. പ്രസ്തുത ലിസ്റ്റിൽ ടെക്സ്റ്റ് ബുക്ക് ഓഫീസർ, ഐ.ഇ.ഡി.എസ്. എസ്. സ്പെഷ്യൽ എഡ്യുക്കേറ്റർ, കോ-ഓർഡിനേറ്റർ എന്നീ തസ്തികകളിലേക്ക് സെലക്ട് ലിസ്റ്റ് രൂപീകരിച്ചിട്ടില്ലാത്തതിനാലും വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർ എന്നീ തസ്തികകളിലെ സെലക്ട് ലിസ്റ്റുകൾ അവസാനിച്ചതിനാലും 2022 കാലയളവിലേക്ക് ഒരു അഡ്-ഹോക്ക് ഡി.പി.സി. (ഹയർ) കൂടേണ്ടതായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ കൊടുത്തിരിക്കുന്ന തസ്തികകളിൽ സൂചന (3) പ്രകാരം 3 **വർഷത്തെ** (01/01/2019 മുതൽ 31/12/2021 വരെയുള്ള) **കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ, 'സ്വയം വിലയിരുത്തൽ റിപ്പോർട്ട്'** എന്നിവ സമർപ്പിച്ചിട്ടില്ലാത്ത ജീവനക്കാർ ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർ ആഫീസിൽ **15/07/2022**-നു മുൻപായി സൂചന (1), (2) സർക്കുലറിന് വിധേയമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

## അക്കാദമിക് വിഭാഗം

1. **ജില്ലാ വിദ്യാഭ്യാസ ഓഫീസർ**

സൂചന (3) സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സീനിയോരിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളവരും കൂടാതെ മുൻകാല എച്ച്.എം./എ.ഇ.ഒ. സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട് സർവ്വീസിലുള്ളവരിൽ നാളിതുവരെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്ഥാനക്കയറ്റം ലഭിക്കാത്തവരും കഴിഞ്ഞ 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ (01/01/2019 മുതൽ 31/12/2021 വരെ) സമർപ്പിക്കേണ്ടതാണ് **(സൂചന 3 പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചവർ വീണ്ടും നൽകേണ്ടതില്ല).**

2. <u>വിദ്യാഭ്യാസ ഉപഡയറക്ടർ</u>

നിലവിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ തുടരുന്നവരും പ്രസ്തുത തസ്തികയിൽ നിന്നും ഡെപ്യൂട്ടേഷനിൽ തുടരുന്നവരും 3 വർഷത്തെ കോൺഫഡൻഷ്യൽ റിപ്പോർട്ടുകൾ (01/01/2019 മുതൽ 31/12/2021 വരെ) സമർപ്പിക്കേണ്ടതാണ് **<u>(സൂചന 3 പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചവർ വീണ്ടും നൽകേണ്ടതില്ല).</u>**

3. **<u>ഐ.ഇ.ഡി.എസ്.എസ്.-സ്പെഷ്യൽ എഡ്യുക്കേറ്റർ, കോ-ഓർഡിനേറ്റർ</u>**

നിലവിൽ സ്പെഷ്യൽ സ്കൂൾ ഹെഡ്മാസ്റ്റർ, സ്പെഷ്യൽ സ്കൂൾ എച്ച്.എസ്.റ്റി., സ്പെഷ്യൽ സ്കൂൾ അസിസ്റ്റന്റ് ടീച്ചർ എന്നീ തസ്തികകളിലെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ 3 വർഷത്തെ കോൺഫഡൻഷ്യൽ റിപ്പോർട്ടുകൾ (01/01/2019 മുതൽ 31/12/2021 വരെ) സമർപ്പിക്കേണ്ടതാണ് **<u>(28/10/2021, 03/03/2022 എന്നീ തീയതികളിലെ ഡി6/229190/2021/ഡിജിഇ നമ്പർ നിർദ്ദേശ പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചവർ വീണ്ടും നൽകേണ്ടതില്ല).</u>**

## <u>മിനിസ്റ്റീരിയൽ വിഭാഗം</u>

1. **<u>എ.എ./എ.ഒ./എ.പി.എഫ്.ഒ.</u>**

നിലവിൽ പി.എ. ടു ഡി.ഇ.ഒ തസ്തികയിൽ തുടരുന്ന എല്ലാവരും 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ (01/01/2019 മുതൽ 31/12/2021 വരെ) സമർപ്പിക്കേണ്ടതാണ് **<u>(സൂചന 3 പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചവർ വീണ്ടും നൽകേണ്ടതില്ല).</u>**

2. **<u>സീനിയർ എ.എ. (എൻ.എം.)/ടെക്സ്റ്റ് ബുക്ക് ഓഫീസർ)</u>**

നിലവിൽ സീനിയർ എ.എ./എ.ഒ.(പി.എഫ്.) തസ്തികയിലുള്ളവർ 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ (01/01/2019 മുതൽ 31/12/2021 വരെ) സമർപ്പിക്കേണ്ടതാണ് **<u>(സൂചന 3 പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചവർ വീണ്ടും നൽകേണ്ടതില്ല).</u>**

ജീവനക്കാർ നിയമനം ലഭിച്ച തസ്തികയിലും തുടർന്ന് ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികകളിലും നിർബന്ധമായും പ്രൊബേഷൻ ഡിക്ലയർ ചെയ്തിരിക്കണം. **<u>ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തവരെയും, അച്ചടക്ക നടപടി നേരിടുന്നവരെയും ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കുകയില്ല.</u>** 01/01/2019 മുതൽ 31/12/2021 വരെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ഉദ്യോഗസ്ഥരെ 2022 വർഷത്തിലുണ്ടാകുന്ന ഉദ്യോഗകയറ്റത്തിനു വേണ്ടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. **<u>കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടുന്ന അവസാന തീയതി 15/07/2022 ആണ്.</u>** പൊതുവിദ്യാഭ്യാസ വകുപ്പിലെ അക്കാദമിക്/മിനിസ്റ്റീരിയൽ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ശേഖരിച്ചു വിശദമായി പരിശോധിച്ച ശേഷം മാത്രമേ വിദ്യാഭ്യാസ ഡയറക്ടർക്ക് അയക്കുവാൻ പാടുള്ളു.

ഡി.പി.സി. കൂടുന്ന അവസരത്തിൽ അപ്പോൾ നിലവിലുള്ള അംഗീകരിച്ച സീനിയോരിറ്റി ലിസ്റ്റുകൾ പ്രകാരമായിരിക്കും സെലക്ട് ലിസ്റ്റ് പ്രമോഷനുവേണ്ടി തയ്യാറാക്കുന്നത്. **കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ പേരിനൊപ്പം പെൻ കൂടി രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.** ഡി.പി.സി. യെ സംബന്ധിച്ച വിഷയങ്ങൾ ഡയറക്ടറേറ്റിലെ ഡി സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നത്.

**ഫോൺ നമ്പർ - 0471-2580512, email-supdtd.dge@kerala.gov.in**

(ഒപ്പ്)
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

// അംഗീകാരത്തോടെ //

സൂപ്രണ്ട്

സ്വീകർത്താവ്

1. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി).
2. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും - (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ സർക്കുലർ ജില്ലയിലെ എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ കൊണ്ടുവരുകയും സർക്കുലറിന് അനുസൃതമായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യഥാസമയം സ്വീകരിച്ച് **ഡയറക്ടറേറ്റിൽ 15/07/2022 നകം സമർപ്പിക്കേണ്ടതുമാണ്**).
3. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും.
4. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ., നന്ദാവനം, തിരുവനന്തപുരം.
5. ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം.
6. ടെക്സ്റ്റ് ബുക്ക് ഓഫീസർ, പത്മവിലാസം റോഡ്, ഫോർട്ട്, തിരുവനന്തപുരം.

പകർപ്പ്:-

1. എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ഹയർ സെക്കന്ററി വിഭാഗം).

സി.എ. മുഖാന്തിരം

1. അഡീഷണൽ ഡയറക്ടർ (ജനറൽ/അക്കാദമിക്).
2. ജോയിന്റ് ഡയറക്ടർ.
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
4. സീനിയർ ഫിനാൻസ് ഓഫീസർ.
5. സീനിയർ ലാ ഓഫീസർ.
6. ലെയ്സൺ ഓഫീസർ.
7. എല്ലാ ഓഫീസർമാർക്കും.
8. എല്ലാ സൂപ്രണ്ടുമാർക്കും - അറിവിലേക്കായി
9. ഓഫീസ് കോപ്പി/കരുതൽ ഫയൽ.